# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 25 | ലക്കം 9 | പേജ് 6 | 2019 മാർച്ച് 1



2 ചർച്ച് ആക്റ്റ്

2 വൈദികരുടെ രാഷ്ട്രീയ പ്രവർത്തനം അഭിലഷണീയമോ?

3 മതോപദേശസാരങ്ങൾ

4 മാനേജിംഗ് കമ്മിറ്റി ചോദ്യോത്തോരങ്ങൾ


## ഓർത്തഡോക്സ് സഭയ്ക്ക് 714 കോടി രൂപയുടെ ബജറ്റ്

കോട്ടയം : സഭയുടെ പ്രളയ ദുരിതാശ്വാസ പദ്ധതി, വിവാഹ സഹായ പദ്ധതി, ആരോഗ്യ വിദ്യാഭ്യാസ സഹായങ്ങൾ, വിധവകൾക്ക് പ്രതിമാസ പെൻഷൻ, പരുമല ലോ കോളജ്, കേരളത്തിലെ ട്രാൻസ്ജെൻഡേഴ്സിന് കൈത്താങ്ങ്, എൻഡോസൾഫാൻ ദുരിതബാധിതർക്ക് കൈത്താങ്ങ്, ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റ് ആന്റ് കാൻസർ സഹായ ഹസ്തം പദ്ധതി എന്നിവയ്ക്ക് തുക വകയിരുത്തിക്കൊണ്ടു മലങ്കര സഭയുടെ ജീവകാരുണ്യ പദ്ധതികൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള 82 കോടി 16 ലക്ഷം രൂപയുടെ 2019–2020 വർഷത്തെ ബജറ്റ് കോട്ടയം പഴയ സെമിനാരിയിൽ നടന്ന മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ ആണ് ബജറ്റ് അവതരിപ്പിച്ചത്. പരുമല സെമിനാരി, ആശുപത്രി, സഭയുടെ പേരിലുള്ള കോളജുകൾ, മറ്റു സ്ഥാപനങ്ങൾ, വിവിധ ഭദ്രാസനങ്ങൾ എന്നീ ഇനത്തിലാണ് മൊത്തം 714 കോടിയുടെ ബജറ്റ്. എന്നാൽ ഇതിൽ സഭാ മാനേജിംഗ് കമ്മിറ്റിക്കു നിയന്ത്രണമുള്ളതും ചർച്ച ചെയ്തു പാസ്സാക്കേണ്ടതുമായി 82 കോടി 16 ലക്ഷം രൂപ മാത്രമേയുള്ളു. അത് ചർച്ച ചെയ്ത് പാസ്സാക്കി. ബാക്കിയുള്ളവ അനുബന്ധമായി ചേർത്തു.

**2019–2020–ലെ പ്രധാന പദ്ധതികൾ**

**വൈദികരെയും അവരുടെ കുടുംബാംഗങ്ങളെയും കാതോലിക്കേറ്റ് ഓഫീസിലെ ജീവനക്കാരെയും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതിക്കായി 1.25 കോടി രൂപ**

**മിഷൻ ഫീൽഡിൽ പ്രവർത്തിക്കുന്നവരിൽനിന്നും അർഹരായവർക്ക് കൈത്താങ്ങൽ**

**വൈദികക്ഷേമനിധി**

**വിധവകൾക്ക് പ്രതിമാസ പെൻഷൻ**

**സണ്ടേസ്ക്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സണ്ടേസ്ക്കൂൾ അസോസിയേഷൻ പദ്ധതി**

(ശേഷം പേജ് 5–ൽ)

## സഭാമാനേജിംഗ് കമ്മിറ്റിയോഗത്തിൽ കേരള സർക്കാരിനെതിരെ ശക്തമായ പ്രതിഷേധം

### ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിന് ശേഷം സർക്കാർ സഭയെ ചതിച്ചുവെന്ന് അംഗങ്ങൾ

കോട്ടയം : ഓർത്തഡോക്സ് – യാക്കോബായ തർക്കത്തിൽ കോടതിവിധി നടപ്പാക്കുന്നതിൽ കേരള സർക്കാർ പക്ഷപാതപരമായി പെരുമാറുന്നുവെന്നും നീതിനിഷേധത്തിനു കൂട്ടുനില്ക്കുന്നുവെന്നും ആരോപിച്ച് സർക്കാരിനെതിരെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ശക്തമായി പ്രതിഷേധിച്ചു.

പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ കൂടിയ സഭാമാനേജിംഗ് കമ്മിറ്റി യോഗത്തിലാണ് മുമ്പൊരിക്കലുമില്ലാത്ത രീതിയിൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഒറ്റക്കെട്ടായി സർക്കാരിനെതിരെ തിരിഞ്ഞത്.

കോതമംഗലം, പിറവം, കട്ടച്ചിറ, പെരുമ്പാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ വ്യക്തമായും സഭയ്ക്കെതിരായിരുന്നു. അത് മുകളിൽനിന്നുള്ള ശക്തമായ ഇടപെടലുകൾകൊണ്ടായിരുന്നുവെന്ന് അലക്സ് എം.കുര്യാക്കോസ് (അങ്കമാലി) പറഞ്ഞു.

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിനുശേഷം സർക്കാർ സഭയെ വഞ്ചിക്കുകയായിരുന്നുവെന്ന് അംഗങ്ങളിൽ പലരും അഭിപ്രായപ്പെട്ടു. നമ്മുടെ സഭ ഒരു രാഷ്ട്രീയപാർട്ടിയുടെയും ഒരു സർക്കാരിന്റെയും അടിമയല്ലാ എന്ന് പ.കാതോലിക്കാ ബാവാ

(ശേഷം പേജ് 5–ൽ)

## പ.എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

കോട്ടയം : ദേവലോകം കാതോലിക്കേറ്റ് അരമനയിൽ 2019 ഫെബ്രുവരി 19 മുതൽ 23 വരെ നടന്നുവന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. ഡോ.തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ.മാത്യൂസ് മാർ സേവേറിയോസ് എന്നിവർ ധ്യാനം നയിച്ചു. ചെങ്ങന്നൂർ ഭദ്രാസനാധിപനായിരുന്ന തോമസ് മാർ അത്താനാസിയോസ്, സഭയുടെ പി.ആർ.ഒ. പ്രൊഫ.പി.സി.ഏലിയാസ് എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു. കാശ്മീരിലെ പുൽവാമയിൽ രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച ജവാന്മാരെ അനുസ്മരിക്കുകയും ആദരാഞ്ജലി

(ശേഷം പേജ് 5–ൽ)

## ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് ഓർത്തഡോക്സിക്ക് പുതിയ മാനങ്ങൾ നൽകിയ പിതാവ്

ഫാ.ഡോ.ഒ.തോമസ്

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയെ പുകഴ്ത്തുന്ന അനേകരുണ്ട്. എന്നാൽ അവരൊക്കെ ഒരു കാര്യം പറയാൻ മടിക്കുന്നു, അദ്ദേഹം ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ വേരൂന്നിയിരുന്നു എന്ന്. ഇവിടെ ഓർത്തഡോക്സിയെ വിവേചിക്കുന്നതിൽ തെറ്റുപറ്റിയിരിക്കുന്നു. അല്ലെങ്കിൽ തിരുമേനിയെ വേണ്ടവിധത്തിൽ മനസ്സിലാക്കാൻ സാധിക്കാതെ പോകുന്നു. ദൈവവചനം ആഴത്തിൽ പഠിക്കുകയും അതിന്റെ വെളിച്ചത്തിൽ പ്രസംഗിക്കുകയും ചെയ്യുന്ന രീതി തിരുമേനിയുടെ കാലത്തെ വിശ്വാസികൾക്കില്ലാതെ പോയതുകൊണ്ട് വചനശുശ്രൂഷയിലെ താൽപര്യം എങ്ങനെ ഓർത്തഡോക്സിയല്ലാതാകുന്ന? സ്ഥാപനവൽക്കരിക്കപ്പെട്ട സഭയെ വിമർശിച്ചിട്ടുള്ളതിനാൽ അദ്ദേഹം ചിലരുടെ ദൃഷ്ടിയിൽ ഓർത്തഡോക്സിയുടെ വക്താവല്ലാതായിത്തീരുന്നു. അദ്ദേഹം തുറന്ന് ഒരു കാര്യം എഴുതിയിട്ടുണ്ട്. കത്തോലിക്കാ സഭയുടെ പേപ്പൽ അപ്രമാദിത്വവും, ഓർത്തഡോക്സ് സഭകളുടെ സഭാ അപ്രമാദിത്വവും പ്രൊട്ടസ്റ്റന്റ് സഭകളുടെ ദൈവവചന അപ്രമാദിത്വവും യോജിക്കാവുന്ന കാര്യമല്ല. പരിശുദ്ധാത്മാവിനു മാത്രമെ തെറ്റാവരമുള്ളു. കൗദാശികാനുഷ്ഠാനങ്ങൾക്കു തുല്യമായി റാസയേയും, ചെണ്ടകൊട്ടിനേയും, ശിങ്കാരിമേളത്തെയൊന്നും വിലമതിക്കാത്തതിനാൽ അദ്ദേഹം നല്ല ഓർത്തഡോക്സുകാരനല്ലാതായി. സഭാതർക്കത്തിൽ ക്രിസ്തുവിന്റെ ക്രൂശിനു കൊടുക്കാത്ത സ്ഥാനം പത്രോസിന്റെ സിംഹാസനത്തിനും, തോമ്മാശ്ലീഹായുടെസിംഹാസനത്തിനും കൊടുക്കാത്തതിനാൽ അദ്ദേഹം ഉറച്ച സഭാസ്നേഹിയല്ലാതായി. സിംഹാസനതർക്കം കൊടിമ്പിരികൊണ്ടിരിക്കുമ്പോഴാണ് സിംഹാസനം ക്രിസ്തുവിന്റെ കുരിശിലാണ് എന്ന ലഘുലേഖയിറക്കിയത്. അതും അദ്ദേഹത്തെ കാതോലിക്കേറ്റിന്റെ കാവൽഭടനല്ലാതാക്കി. ഈ കാര്യത്തിൽ അദ്ദേഹത്തെ അനേകരും ശരിയായ വിധത്തിൽ മനസ്സിക്കിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ആരാണ് ഓർത്തഡോക്സുകാരൻ എന്ന ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടി ഇതായിരിക്കുമെന്ന് തോന്നുന്നു. ക്രിസ്തുവിന്റെ അനുകാരികളായി ആരൊക്കെ ജീവിക്കുന്നുവോ അവരാണ് യഥാർത്ഥ ഓർത്തഡോക്സുകാർ. അവരുടെ ലക്ഷണങ്ങൾ എന്തെന്ന് സ്വജീവിതത്തിൽനിന്നും പലതും കാണിച്ചുതന്നു.

### 1. ഇടവിടാതെ പ്രാർത്ഥിക്കുക

ഓർത്തഡോക്സുകാർക്ക് ഏഴുനേരം യാമപ്രാർത്ഥനകൾ നടത്തിയാൽ മതിയാകും. ഏഴുനേരത്തെ പ്രാർത്ഥന തികയ്ക്കുന്നതിനപ്പുറം ഒരുദിവസം എത്രയോ പ്രാവശ്യം അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. നടക്കാൻ പോകുന്ന സമയത്തുപോലും ആരെയെങ്കിലും കണ്ടാൽ വഴിയരികിയിൽനിന്നും ഒരു ഹൃസ്വപ്രാർത്ഥന നടത്തുവാൻ അദ്ദേഹം മറന്നിരുന്നില്ല. അദ്ദേഹം ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു.

### 2. ദൈവവചനം എപ്പോഴും ധ്യാനിക്കുകയും ഉരുവിടുകയും ചെയ്യുക

ഓർത്തഡോക്സുകാർ ദൈവചന ധ്യാനത്തിൽ വളരെ പിന്നോട്ടാണ്. അവിടെ ഇത്രയധികം വലിയ മാതൃക കാട്ടിയ അധികം പിതാക്കന്മാർ വേറെയില്ല. വേദവാക്യങ്ങളെക്കുറിച്ച് തിരുമേനിയെപ്പോലെ നിശ്ചയമുണ്ടായിരുന്നവർ സമകാലീന ലോകത്തിൽ ആരുമുണ്ടെന്നു തോന്നുന്നില്ല. ദൈവവചനത്തിലുള്ള ആഴമേറിയ പഠനവും ധ്യാനവുമാണ് അദ്ദേഹത്തെ മികച്ച പ്രഭാഷകനാക്കിയത്. പ്രഭാഷണകലയല്ല അദ്ദേഹത്തെ നയിച്ചിരുന്നത്, ദൈവാത്മപ്രേരണയായിരുന്നു. ഇന്ന് ആത്മാവില്ലാതെ പ്രഭാഷണകലയിലുള്ള വൈദഗ്ദ്ധ്യം മൂലം പ്രസംഗകരാകുന്ന അനേകരുണ്ട്. തിരുമേനി അതിൽനിന്നും വ്യത്യസ്തനായിരുന്നു.

### 3. ആചാരാനുഷ്ഠാനങ്ങൾ കൂദാശകൾ ഇവ പ്രകടനാത്മകമല്ലായിരുന്നു

ഇന്ന് പ്രാർത്ഥന, പാട്ട്, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്തിനധികം പവിത്രമായ കൂദാശാനുഷ്ഠാനങ്ങൾ ഇവയൊക്കെ പ്രകടനാത്മകമായിരുന്നു. ഭക്ഷണശാലയിൽ പാകംചെയ്തുകൊണ്ടും, തീൻമേശയിൽ ഭക്ഷണം കഴിച്ചുകൊണ്ടും ഈസിചെയറിൽ അലസമായി ചാരിക്കിടന്നുകൊണ്ടും വി.കുർബ്ബാനയിൽ പങ്കുചേരുന്നു എന്ന് അഭിമാനിക്കുന്ന അനേക ഭക്തരുണ്ട്. ഇമ്പമുള്ള വൈദികരുടെ കുർബ്ബാനകൂടിയാണെങ്കിൽ വിശ്വാസികൾ ആനന്ദത്തിലാറാടും. ചിലർക്ക് ഇതൊക്കെ ഓർത്തഡോക്സിയാണ്. യാതൊരു പ്രകടനാത്മകതയും ആചാരാനുഷ്ഠാനങ്ങളിലും, വി.കൂദാശാ നിർവ്വഹണത്തിലും ഈ പിതാവിനില്ലായിരുന്നു.

### 4. നിഷ്കളങ്കതയും ഹൃദയശുദ്ധിയും

ആരുടെ വളർച്ചയിലും സന്തോഷിക്കമാത്രം ചെയ്യുന്ന ഹൃദയവിശാലത. തന്നേക്കാൾ പാണ്ഡിത്യത്തിലോ, പ്രസംഗത്തിലോ ശിഷ്യന്മാർ വളർന്നു എന്നു കണ്ടാൽ (അങ്ങനെ വളർന്നവർ അധികമില്ല) ഹൃദയം തുറന്ന് സന്തോഷിക്കുന്ന ഒരു പിതാവ് ആരോടും ഒന്നിനേക്കുറിച്ചും അസൂയ തോന്നാത്ത മനസ്സിന്റെ ഉടമ. ആശയങ്ങളെയല്ലാതെ വ്യക്തികളെ എതിർക്കുവാൻ മനസ്സുവരാത്ത നിഷ്കളങ്കഹൃദയത്തിനുടമ.

### 5. അധികാരം ഒട്ടും പ്രയോഗിക്കാൻ ആഗ്രഹിക്കാത്ത നല്ല ഇടയൻ

ചെറിയ ഇടയന്മാരും വലിയ ഇടയന്മാരും അധികാരം പ്രയോഗിക്കുന്നതിൽ വളരെ വ്യഗ്രത കാണിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പിതാവ് വേറിട്ടുനിൽക്കുന്നു. തികച്ചും മറുതലിപ്പോലെ പെരുമാറിയവരോടും സ്നേഹത്തോടും കരുതലോടും ഇടപെട്ട നല്ല ഇടയൻ. വലിപ്പച്ചെറുപ്പമെന്ന വ്യത്യാസം കൂടാതെ ആടുകളോട് ഇടപെടാൻ ആവതു പരിശ്രമിച്ച ഒരു മേൽപട്ടക്കാരനാണ് ഈ ഇടയൻ. നൂറുശതമാനമായില്ലെങ്കിലും 90 ശതമാനമെങ്കിലും വിജയിച്ചു എന്ന് നിസംശയം പറയാം.

### 6. ജീവിതത്തിലെ ലാളിത്യം

ഓർത്തഡോക്സ് പാരമ്പര്യത്തിൽ ആത്മീയതയുടെ വലിയ അടയാളമാണ് ലാളിത്യം.

(ശേഷം പേജ് 5–ൽ)

# ക്രൈസ്തവസഭകളുടെമേൽ സാമ്പത്തിക അച്ചടക്കം ലക്ഷ്യംവെച്ചുള്ള ചർച്ച് ആക്റ്റ്

മുഖ്യമന്ത്രി പിണറായി വിജയൻ നിയമകാര്യമന്ത്രി എ.കെ.ബാലൻ എന്നിവരുടെ നേതൃത്വത്തിൽ ജസ്റ്റിസ് കെ.ടി.തോമസ് ചെയർമാനായും കെ.ജോർജ് ഉമ്മൻ, എൻ.കെ.ജയകുമാർ, ലിസമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളായും പ്രവർത്തിക്കുന്ന നിയമപരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയ കേരള ദേവാലയ (വസ്തുവകകളും സ്ഥാപനങ്ങളും) ബിൽ 2019 സമഗ്രമായ പരിശോധനയ്ക്കും അഭിപ്രായ രൂപീകരണത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു.

നിലവിൽ ദേവാലയ സ്വത്തുക്കളുടെ പരിപാലനം സുതാര്യവും നീതിപൂർവ്വവുമല്ല എന്ന ധ്വനിയിൽ ദുരുപയോഗത്തിനെതിരെ പരാതി നൽകാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും ആമുഖത്തിൽതന്നെ സൂചിപ്പിച്ചുകൊണ്ട് പുറത്തുവന്നിരിക്കുന്ന ഈ കരട് നിയമം കേരളത്തിലെ എല്ലാ സഭാവിഭാഗങ്ങളിലും സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നത് ശരിയായ രീതിയലല്ല എന്ന് ഏകപക്ഷീയമായി അനുമാനിക്കാവുന്ന രീതിയലാണ് തയ്യാറാക്കിയിട്ടുള്ളത്.

ചർച്ചകൾക്കും വിചിന്തനങ്ങൾക്കുമായി (ചർച്ചകൾക്കും പ്രതികരണങ്ങൾക്കുമായി ഈ കരട് നിയമത്തിന്റെ പ്രസക്തഭാഗങ്ങളുടെ മലയാള തർജ്ജിമ ലഭ്യമാക്കുന്നു)

### വകുപ്പ് 1

ഈ നിയമത്തിന്റെ വ്യാപ്തി കേരള സംസ്ഥാനം മുഴുവനും ആയിരിക്കും. ഇത് നിയമം ആക്കുന്ന ദിവസം മുതൽ നടപ്പിൽ വരും.

### വകുപ്പ് 2(ബി)

ചർച്ച് - ദേവാലയം- എല്ലാ സഭകളും വിഭാഗങ്ങളും ഇതിന്റെ പരിധിയിൽ വരും.

### വകുപ്പ് 2(സി)

ക്രിസ്ത്യൻ - ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ഏകജാതനായ ദൈവപുത്രനായി വിശ്വസിക്കുന്നവരും അതുപ്രകാരം മാമോദീസാ മുങ്ങിയവരും ഈ നിർവ്വചനത്തിൽ ഉൾപ്പെടും.

### വകുപ്പ് 2(ഡി)

ചർച്ച് ട്രിബ്യൂണൽ - ഈ നിയമത്തിലെ വകുപ്പ് 8 പ്രകാരം സർക്കാർ രൂപീകരിക്കുന്ന ട്രിബ്യൂണൽ.

### വകുപ്പ് 2(എഫ്)

ഡിനോമിനേഷൻ - വിഭാഗം - ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ ഏതെങ്കിലും സഭാദ്ധ്യക്ഷനോടും സിനഡിനോട്/കൗൺസിലിനോട് വിധേയപ്പെട്ടിരിക്കുന്നവരെ ഡിനോമിനേഷൻ എന്നു പറയും. യഹോവാ സാക്ഷികളും സഭാദ്ധ്യക്ഷന്മാർ ഇല്ലാതെ ഏതെങ്കിലും പാസ്റ്റർ തുടങ്ങിയവരിൽ മേൽനോട്ട അധികാരം അർപ്പിച്ചിരിക്കുന്ന വിഭാഗങ്ങളും ഉൾപ്പെടും.

### വകുപ്പ് 2(എച്ച്)

പാരീഷ് - പ്രാർത്ഥനാലയമോ പള്ളിയോ ഉള്ള ഇടവക എന്ന് വിളിക്കാവുന്ന ഡിനോമിനേഷന്റെ പ്രാദേശിക യൂണിറ്റ്.

### വകുപ്പ് 2(ജെ)

പ്രോപർട്ടീസ് ഓഫ് ദി ചർച്ച് - പള്ളി വകവസ്തുക്കൾ എന്നതിൽ പള്ളിവകയായ എല്ലാ സ്താവര ജംഗമവസ്തുക്കളും ഡിനോമിനേഷൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവർ നൽകിയിട്ടുള്ള പണം ബാങ്ക് ഡെപ്പോസിറ്റ് മറ്റു നിക്ഷേപങ്ങൾ എന്നിവയും അവളുടെ ഉന്നത ഘടകത്തിന് നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടും.

### വകുപ്പ് 3

വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം - വരിസംഖ്യയിലൂടെ സംഭാവനകളിലൂടെ നേർച്ചകാഴ്ചകളിലൂടെ തുടങ്ങിയ എല്ലാ വിധത്തിലും ആരാധിക്കാൻ വരുന്നവരും അല്ലാത്തവരും നൽകിയിട്ടുള്ള എല്ലാ സംഭാവനകളും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായുള്ള സംഭാവനകളും കൈകാര്യം ചെയ്യുന്നതിന് ഡിനോമിനേഷന് അവകാശമുണ്ടായിരിക്കും.

### വകുപ്പ് 4

ചട്ടങ്ങൾ - ഓരോ ഡിനോമിനേഷനും അവരവരുടെ അധികാരപരിധിയിൽ വരുന്ന അതത് ഇടവകകൾ ഭരിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കണം.

### വകുപ്പ് 5

കണക്ക് - എല്ലാ ഡിനോമിനേഷനുകളും കാലാകാലങ്ങളിൽ വസ്തുവഹകളുമായി ബന്ധപ്പെട്ടതും പണവുമായി ബന്ധപ്പെട്ടതുമായ വരവ് ചിലവ് കണക്കുകൾ സൂക്ഷിക്കണം.

### വകുപ്പ് 6

### ഓഡിറ്റ് റിപ്പോർട്ട്

ഡിനോമിനേഷൻ തെരഞ്ഞെടുക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് വാർഷിക ഓഡിറ്റ് നടത്തണം. ഓഡിറ്റ് വാർഷിക പ്രതിനിധി യോഗത്തിൽ സമർപ്പിക്കണം.

### വകുപ്പ് 7

ഇടവകയ്ക്ക് വസ്തു സൂക്ഷിക്കാനുള്ള അവകാശം - ഓരോ ഇടവകയ്ക്കും സ്വന്തമായി വസ്തുവകകൾ വങ്ങുന്നതിനും വാടക ലൈസൻസ് തുടങ്ങിയ രീതികളിലൂടെ ഉപയോഗിക്കുന്നതിനും അവകാശമുണ്ട്. ഓരോ ഇടവകയും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ട് ഇടവക പൊതുയോഗം മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

### വകുപ്പ് 8

ചർച്ച് ട്രൈബ്യൂണൽ - ഏകാംഗ/മൂന്നംഗ ചർച്ച് ട്രൈബ്യൂണൽ സർക്കാർ സ്ഥാപിക്കണം. ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയായിരുന്ന ആളോ ആയിരിക്കണം ഏകാംഗ ട്രൈബ്യൂണലിലെ അംഗം. മൂന്നംഗ ട്രൈബ്യൂണൽ ആണെങ്കിൽ ശേഷിക്കുന്ന അംഗങ്ങൾ ജില്ലാ ജഡ്ജി ആകാൻ യോഗ്യതയുള്ള ആൾ സർക്കാർതലത്തിൽ സെക്രട്ടറി പദം നിർവഹിച്ചിരുന്നതാകണം.

### വകുപ്പ് 9

ട്രൈബ്യൂണലിന്റെ അധികാരങ്ങൾ - ഡിനോമിനേഷനിൽ ഉൾപ്പെടുന്ന ഏതൊരു അംഗത്തിനും ഇടവകയുടെ വസ്തുവകകളും പണവും കൈകാര്യം ചെയ്യുന്നതിനെപ്പറ്റിയുള്ള പരാതികൾ ട്രൈബ്യൂണലിൽ നൽകാം. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും.

### നിയമം ഉണ്ടാക്കാനുള്ള കാരണം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26(ഡി) പ്രകാരം എല്ലാ മതവിഭാഗങ്ങൾക്കും നിയമാനുസൃതം വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിന് അവകാശമുണ്ട്. നിലവിൽ ക്രൈസ്തവദേവാലയങ്ങളുടെ വിവിധ മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമമില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ വൻതോതിൽ വസ്തുവകകൾ ആർജ്ജിച്ചിട്ടുണ്ട്. ഈ വസ്തുക്കളെല്ലാം കൈകാര്യം ചെയ്യുന്നത് ബിഷപ്പുമാരോ അതത് വിഭാഗങ്ങളുടെ ഇടവകകളുടെ അധികാരികളോ ആണ്. മതിയായ കൂടിയാലോചനകൾ ഇല്ലാതെ വസ്തുവകകൾ വകമാറ്റം ചെയ്തും പണയപ്പെടുത്തിയും ദേവാലയങ്ങൾക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ വിശ്വാസികളുടെ മനോവീര്യത്തെ തകർക്കുന്നു. നിലവിൽ ഇത്തരം വിഷയങ്ങളിൽ പരാതി നൽകാനുള്ള സംവിധാനം ഇല്ല. അതിനാൽ അത്തരത്തിൽ ഒരു നിയമം ഉണ്ടാകേണ്ടത് ഉചിതമാണെന്ന് സർക്കാർ കരുതുന്നതുകൊണ്ടാണ് ഈ കരട് നിയമം അവതരിപ്പിക്കുന്നത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.

എന്നാൽ ക്രൈസ്തവസഭകൾ ഒറ്റക്കെട്ടായി ഈ നിയമം കൊണ്ടുവരുന്നതിനെ എതിർക്കുന്നു. തങ്ങളുടെ എല്ലാ സാമ്പത്തിക കാര്യങ്ങളും സുതാര്യമായാണ് നടക്കുന്നതെന്നാണ് എല്ലാ സഭകളും ഒരുപോലെ അവകാശപ്പെടുന്നത്.

# വൈദികരുടെ രാഷ്ട്രീയപ്രവർത്തനം അഭിലഷണീയമോ?

ജേക്കബ് ഉമ്മൻ, ചെങ്ങന്നൂർ

ഏതൊരു ജോലിക്കും ചില സർവ്വീസ് കണ്ടീഷൻസും, ജോലിക്കാർക്ക് കോഡ് ഓഫ് കോൺഡക്റ്റും ഉള്ള രാജ്യമാണ് ഇന്ത്യ. പ്രത്യേക വേഷമോ യൂണിഫോമോ ഉപയോഗിക്കേണ്ട ജീവനക്കാർ അവരുടെ യൂണിഫോമിനെ ബഹുമാനിക്കേണ്ടതായുണ്ട്. ജോലിക്കാർ ജോലിയുടെ ഭാഗമായല്ലാതെ അവരുടെ യൂണീഫോമിൽ രാഷ്ട്രീയവേദികളിലോ അതുപോലെയുള്ള മറ്റു ചടങ്ങുകളിലോ സംബന്ധിക്കുവാൻ പാടില്ല. ഇതൊക്കെ ചുമതലപ്പെട്ടവർ പാലിക്കേണ്ട അച്ചടക്കമര്യാദകൾ ആണ്.

ക്രൈസ്തവസഭയിലെ വൈദികർ ഇത്തരത്തിലുള്ള ജീവനക്കാർ അല്ലെങ്കിലും ദൈവരാജ്യത്തിന്റെ വേലക്കാരായി വിളിച്ചു വേർപെടുത്തിയിട്ടുള്ളവരാണ്. അതുകൊണ്ട് അവർക്ക് രാഷ്ട്രീയചിന്തയോ, ലൗകീകകാര്യങ്ങളിൽ പ്രതിബദ്ധതയോ പാടില്ല എന്നർത്ഥമില്ല. എന്നാൽ ഔദ്യോഗിക വേഷമിട്ട് പൊതുവേദികളിൽ രാഷ്ട്രീയപാർട്ടികളുടെ വക്താക്കളായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ശരിയാണോ? കഴിഞ്ഞ നിയമസഭാ ഇലക്ഷൻ സമയത്ത് വിശുദ്ധവസ്ത്രം ധരിച്ച ഒരു വൈദികൻ പ്രചരണവാഹനത്തിന്റെ മുകളിൽനിന്ന് ആഹ്ളാദപ്രകടനം നടത്തുന്നതും ഒരു പാർട്ടിയുടെ പ്രധാനസമ്മേളനത്തിൽ ഔദ്യോഗികവേഷമിട്ട് പ്രസംഗിക്കുന്നതും സാമൂഹ്യമാധ്യമങ്ങളിൽ ഇപ്പോഴും വൈറലായി നിൽക്കുന്നുണ്ട്.

ഇതുപോലെയുള്ള പ്രവർത്തനങ്ങൾക്ക് മൗനാനുവാദം ലഭിച്ചിട്ടുണ്ടോ എന്നു തോന്നുമാറ് ഇത്തരം പ്രവണതകൾ വർദ്ധിച്ചുവരുന്നതായും തോന്നുന്നുണ്ട്.

രാഷ്ട്രീയപ്രവർത്തനത്തിനു പോകുവാൻ സ്വാതന്ത്ര്യം കൊടുത്തുകൊണ്ട് വൈദികർക്ക് നിശ്ചതകാലത്തേക്ക് അവധി കൊടുക്കുവാനും ആ സമയം വൈദികവേഷം ഉപയോഗിക്കുവാൻ പാടില്ല എന്നുമുള്ള നിയമം ആവശ്യമാണോ എന്നു തോന്നിപ്പോകുന്നു. വൈദികരും സാധാരണ പൗരൻ എന്നിരിക്കെ അവർക്ക് സ്വതന്ത്ര രാഷ്ട്രീയചിന്തയും അഭിപ്രായപ്രകടനവലും ഒക്കെ നിശ്ചയമായും ഉണ്ടായിരിക്കണം. എന്നാൽ ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ വില മറന്നുകൊണ്ടുള്ള ഏതു പ്രവർത്തനവും നിരോധിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. അതിരില്ലാത്ത സ്വാതന്ത്ര്യം വിലക്കുകളില്ലാത്ത പ്രവർത്തനശൈലിയും വ്യക്തികളുടെയും അവർ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെയും മാനവും മൂല്യവും വീണ്ടും താഴേയ്ക്കു കൊണ്ടുവരും എന്ന സത്യം മറക്കാൻ ഇടവരരുത്. പ്രത്യേക രാഷ്ട്രീയ താൽപര്യമോ വൈരമോ ഇല്ലാത്ത ഒരു വ്യക്തിയുടെ നിഷ്പക്ഷ വീക്ഷണമായി മാത്രം ഈ വരികൾ കരുതപ്പെടണമെന്നു അപേക്ഷിക്കുന്നു.

# ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# സുറിയാനി സത്യവിശ്വാസസഭയിലെ മതോപദേശസാരങ്ങൾ : പ.വട്ടശ്ശേരിൽ തിരുമേനി....കഴിഞ്ഞലക്കം തുടർച്ച

വട്ടശ്ശേരിൽ തിരുമേനി 1892–ൽ മലങ്കര മല്പാൻ ആയിരുന്നപ്പോൾ എഴുതി അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ യൗസേഫ് ദീവന്നാസിയോസിന്റെ അനുമതിയോടെ പ്രസിദ്ധീകരിച്ച മലങ്കരസഭയുടെ വിശ്വാസത്തെപ്പറ്റിയുള്ള ആദ്യത്തെ ഔദ്യോഗിക ഗ്രന്ഥം

## 4–ാം സംഗതി

### ശുദ്ധമുള്ള റൂഹായെക്കുറിച്ച്

**1. ത്രിത്വത്തിൽ ഒരുവനായി ആശ്വാസപ്രദനായിരിക്കുന്ന ശുദ്ധമുള്ള റൂഹായായ ദൈവം പിതാവിനും പുത്രനും സമനും സൃഷ്ടിയല്ലാത്തവനും ആദ്യന്തമില്ലാത്തവനും 2. പിതാവിൽനിന്ന് പുറപ്പെടുന്നവനും 3. പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിനോടും പുത്രനോടു വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും 4. നിബിയന്മാരെക്കൊണ്ടും ശ്ലീഹന്മാരെക്കൊണ്ടും പറയിച്ചവനുമാകുന്നു.**

### സൂചനകൾ

1. 2കൊരി.3:18 ആ പ്രതിമയായിത്തന്നെ ആത്മാവാകുന്ന കർത്താവിനാൽ എന്നപോലെ മഹത്വത്തിൽനിന്ന് മഹത്വത്തിലേക്ക് നാം പകരപ്പെടുന്നു. 2.കൊരി.1:13 നമ്മുടെ കർത്താവായ യേശുമിശിഹായുടെ സമാധാനവും ദൈവത്തിന്റെ സ്നേഹവും ശുദ്ധമുള്ള റൂഹായുടെ സംബന്ധവും നിങ്ങളെല്ലാവരോടുകൂടെയുണ്ടായിരിക്കട്ടെ.

2. യോഹ.15:26 എന്നാൽ ഞാൻ എന്റെ പിതാവിങ്കൽനിന്ന് നിങ്ങൾക്ക് അയക്കുന്ന ആശ്വാസപ്രദനായി എന്റെ പിതാവിൽനിന്നു പുറപ്പെടുന്നവനായ സത്യാത്മാവായവൻ വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും.

3. യോഹ.16:11 അവൻ എന്നെ മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ അവൻ എനിക്കുള്ളതിൽനിന്നെടുത്ത് നിങ്ങൾക്കു കാണിച്ചുതരും.

4. 2.പത്രോ.2:21 എന്തെന്നാൽ ദീർഘദർശനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നവയല്ല. എന്നാലോ ദൈവത്തിന്റെ മനുഷ്യരായ ശുദ്ധന്മാർ ശുദ്ധമുള്ള റൂഹായാൽ നിയോഗിക്കപ്പെട്ടിട്ട് സംസാരിച്ചത്രെ. മത്താ.10:20 എന്തെന്നാൽ സംസാരിക്കുന്നത് നിങ്ങൾ അല്ല, എന്നാലോ നിങ്ങളുടെ പിതാവു നിങ്ങളിൽ സംസാരിക്കുന്നു.

## 5–ാം സംഗതി

### വിശുദ്ധ കൂദാശകളെക്കുറിച്ച്

**കൂദാശകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവ് കല്പിച്ചു നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധകർമ്മങ്ങൾ ആകുന്നു. ഇവയ്ക്ക് വിശുദ്ധ രഹസ്യങ്ങൾ എന്നുകൂടി പേരു പറയപ്പെടുന്നു. 1. മാമോദീസാ, 2. കുർബ്ബാന, 3. കുമ്പസാരം, 4. മൂറോൻ, 5. പട്ടത്വം, 6. വിവാഹം, 7. രോഗികളുടെ തൈലാഭിഷേകം, 8. ഇങ്ങനെ കൂദാശകൾ ഏഴുള്ളവയിൽ അഞ്ചു പൊതുവെ സകല മനുഷ്യർക്കും, പട്ടത്വം, വിവാഹം ഇവ രണ്ടും മനസ്സുള്ളവർക്കും മാത്രവും ആവശ്യപ്പെട്ടവയാകുന്നു. സകല കൂദാശകളെയും അതാതിനുവേണ്ട യോഗ്യതകളോടുകൂടെ കൈക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈക്കൊള്ളുന്നവർക്കു കൃപ ലഭിക്കുകയും തങ്ങളിലുള്ള കൃപ വർദ്ധിക്കുകയും ചെയ്യുന്നു.**

### സൂചനകൾ

1. യോഹ.3:5 ഒരുത്തൻ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിക്കുന്നില്ലായെങ്കിൽ അവനു ദൈവത്തിന്റെ രാജ്യത്തിങ്കലേക്കു പ്രവേശിപ്പാൻ കഴിയുകയില്ല.

2. യോഹ.6:53 യേശു അവരോട് പറഞ്ഞു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്കയില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവൻ ഇല്ല.

3. യാക്കോ.5:16 നിങ്ങൾ സൗഖ്യപ്പെടുവാനായിട്ട് തമ്മിൽ തമ്മിൽ പിഴകളെ ഏറ്റുപറയുകയും ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കുകയും ചെയ്വീൻ. എന്തുകൊണ്ടെന്നാൽ നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു.

4. 1യോഹ.2:27 തന്നിൽനിന്നു നിങ്ങൾ കൈക്കൊണ്ടിട്ടുള്ള അഭിഷേകം നിങ്ങളുടെ പക്കൽ താമസിക്കുന്നുവെങ്കിൽ ഒരുത്തനും നിങ്ങളെ പഠിപ്പിപ്പാൻ ആവശ്യം ഇല്ല.

5. എബ്രാ.5:4 അഹറോൻ എന്ന പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവൻ അല്ലാതെ ആരും ആ സ്ഥാനം തനിക്കായിട്ടുതന്നെ എടുക്കുന്നില്ല.

6. മത്താ.9:6 ആകയാൽ ദൈവംഇണചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്.

7. യാക്കോ.5:14 നിങ്ങളിൽ ഒരുത്തൻ രോഗിയായിരുന്നുവെങ്കിൽ അവൻ സഭയുടെ കശ്ശീശന്മാരെ വിളിക്കുകയും അവർ അവനുവേണ്ടി പ്രാർത്ഥിച്ചു നമ്മുടെ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശുകയും ചെയ്യട്ടെ.

8. സംഖ്യാ 8:1,2 കർത്താവ് മോശയോട് സംസാരിച്ചു അവനോട് പറഞ്ഞു നീ അഹറോനോടു സംസാരിച്ച് അവനോട് പറക, നീ വിളക്കുതണ്ടിനുനേരെ വിളക്കുകളെ കത്തിക്കുമ്പോൾ ഏഴു വിളക്കുകളും കത്തുന്നവയായിരിക്കണം. സംഖ്യ 4:2.

## 8–ാം സംഗതി

### വിശുദ്ധ മാമോദീസായെക്കുറിച്ച്

**മാമോദീസാ സകല കൂദാശകളിലുംവെച്ച് ഒന്നാമത്തേതാകുന്നു. ഈ കൂദാശ കൈക്കൊള്ളാതെ മറ്റുള്ളവയെ കൈക്കൊള്ളുവാൻ പാടുള്ളതല്ല.**

**1. മാമോദീസായാൽ പുത്രസ്വീകാരം ലഭിക്കുകയും 2. പാപമോചനത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും 3. ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീഭവിക്കുകയും ചെയ്യുന്നു. 4. എന്നാൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ മാമോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു. 5. എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരവും ദൈവകൃപയും ലഭിക്കുന്നത് വിശ്വാസം വഴിയായിട്ടത്രെ. 6. മാമോദീസാ മുതലായ കൂദാശകളിൽ ഉപയോഗിച്ചുവരുന്ന മൂറോൻ, സൈത്ത്, വെള്ളം മുതലായ സാധനങ്ങളും, വിശ്വാസം ഏറ്റുപറയിക്കുക, കൈവെയ്ക്കുക, ഊതുക, നെറ്റിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും ദൈവത്തിൽനിന്നു നാം കൈക്കൊള്ളുന്ന നൽവരങ്ങളെയും നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറകളെയും മിശിഹാ പ്രവർത്തിച്ചവയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവർത്തിക്കുന്നവയുമായ ഓരോ വ്യാപാരങ്ങളെയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു. വെള്ളത്താൽ ശരീരത്തിന്റെ അഴുക്കുകളെ കഴുകിക്കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടെ മാമോദീസാ കൈക്കൊള്ളുന്നവർ തങ്ങളുടെ ആത്മാക്കളുടെ പാപക്കറകളെ കഴുകിക്കളയുന്നതിനാൽ സ്നാനം എന്നർത്ഥമുള്ള മാമോദീസാ എന്നും 7. ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവീക അറിവിന്റെ പ്രകാശത്തിലേക്കു അടുത്തുവരുന്നതിനാൽ പ്രകാശമെന്നും 8. ആദ്യമെ സ്ത്രീകളുടെ ഗർഭപാത്രത്തിൽനിന്നും ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമോദീസാ ആകുന്ന ഗർഭപാത്രത്തിൽനിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്. കർമ്മപാപത്താൽ മാത്രമല്ല ജന്മപാപത്താലും മനുഷ്യജാതി മുഴുവനും ദൈവശിക്ഷയ്ക്ക് പാത്രമായിത്തീർന്നിരിക്കകൊണ്ടും മാമോദീസാ മൂലം പാപങ്ങൾ മോചിക്കപ്പെടുകയും ദൈവകൃപ ലഭിക്കുകയും ചെയ്യുന്നതിനാലും 9. ചെറിയ പൈതങ്ങൾക്കും മാമോദീസായുടെ നൽവരം വിരോധിച്ചുകൂടാത്തതാകുന്നു. മാമോദീസായിൽ മദ്ധ്യസ്ഥനെ നിർത്തുന്നത് രക്ഷയ്ക്കായി തങ്ങളുടെ വാഞ്ഛയെ കാണിപ്പാനും ചെറിയ പൈതങ്ങളുടെ മാമോദീസായിൽ മാമോദീസാ മുങ്ങുന്ന പൈതങ്ങൾ നടത്തേണ്ട ഏറ്റുപറച്ചിൽ മുതലായ സംഗതികളെ അവർക്കു പകരം പ്രതിപുരുഷന്മാരായിനിന്നുകൊണ്ട് നടത്തുവാനും അവരെ സത്യവിശ്വാസം മുതലായതു പഠിപ്പിക്കേണ്ടതിനും ചുമതലക്കാരായിരിപ്പാനും അത്രെ. 10. പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമെ ഉള്ളു. അതിനാൽ ഒരുത്തൻ മാമോദീസാ കൈക്കൊണ്ടശേഷം മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിക്കുകയും പിന്നത്തേതിൽ വിശ്വസിച്ചു തിരിച്ചുവരികയും ചെയ്താൽ അവനെ രണ്ടാമതും മാമോദീസാ മുക്കുവാൻ ആവശ്യമില്ല. അനുതാപത്താൽ മാത്രം കൈക്കൊള്ളപ്പെടേണ്ടതാകുന്നു. എന്നാൽ വിശുദ്ധസഭയുടെ സത്യവിശ്വാസത്തിൽനിന്നും തെറ്റിയവരും പട്ടത്വത്തിന്റെ ശരിയായ കൈവെപ്പ് ഇല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന മാമോദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കപ്പെടാതെ ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന പ്രകാരം അതാത് വേദവിപരീതികളെ വിശ്വാസസ്ഥിതി നോക്കി ചിലരെ തൈലാഭിഷേകത്തിന്റെ ശുശ്രൂഷ കഴിച്ചു മൂറോൻ മാത്രം പൂശുകയും ചിലരെക്കൊണ്ട് അവരുടെ വേദവിപരീതങ്ങൾ ഉപേക്ഷിക്ക മാത്രം ചെയ്കയും ചിലരെ മാമോദീസായുടെ ശുശ്രൂഷ മുഴുവനും തികച്ച് മാമോദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു.**

### സൂചനകൾ

1. ഗലാ. 3:27, 29 എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസാ മുങ്ങിയവരായ നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു. നിങ്ങൾ മിശിഹായ്ക്കുള്ളവരെങ്കിൽ ഇനി അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തത്താൽ അവകാശികളും ആകുന്നു. യോഹ.3:5

2. അ.പ്ര.22:16 ഇപ്പോൾ നീ എന്തിനു താമസിക്കുന്നു. തന്റെ നാമം വിളിച്ചുകൊണ്ട് എഴുന്നേറ്റ് മാമോദീസാ മുങ്ങി നിന്റെ പാപങ്ങളിൽനിന്നു വെടിപ്പുള്ളവനായിത്തീരുക. അ.പ്ര.2:38 നിങ്ങൾ ശുദ്ധമുള്ള റൂഹായുടെ ദാനത്തെ കൈക്കൊള്ളുവാനായിട്ട് പാപമോചനത്തിനായി നിങ്ങളിൽ ഓരോരുത്തൻ അനുതപിച്ചു കർത്താവായ യേശുവിന്റെ നാമത്തിൽ മാമോദീസാ മുങ്ങുവിൻ.

3. 1കൊരി.12:13 എന്തുകൊണ്ടെന്നാൽ യഹൂദന്മാരാകട്ടെ, പുറജാതിക്കാരാകട്ടെ, ദാസന്മാരാകട്ടെ, സ്വാതന്ത്ര്യക്കാരാകട്ടെ നാം എല്ലാവരും ഏക ആത്മാവാൽ ഏക ശരീരത്തിലേക്ക് മാമോദീസാ മുങ്ങുകയും നാം എല്ലാവരും ഏക ആത്മാവിനെ കുടിക്കുകയും ചെയ്തിരിക്കുന്നു.

4. അ.പ്ര.8:36 ഷണ്ഡൻ ഇതാ വെള്ളം, ഞാൻ മാമോദീസാ മുങ്ങുന്നതിന് എന്തു വിരോധം ഉള്ളു എന്നു പറഞ്ഞു. പീലിപ്പോസ് പറഞ്ഞു നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ന്യായമുണ്ട്. അവൻ ഉത്തരമായിട്ട് യേശുമിശിഹാ ദൈവത്തിന്റെ പുത്രനാകുന്നു എന്നു വിശ്വസിക്കുന്നു എന്നു പറഞ്ഞു.

5. ഗലാ.3:26 എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാവരും യേശുമിശിഹായിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

6. റോമ.6:3 അല്ലെങ്കിൽ യേശുമിശിഹായിൽ മാമോദീസാ മുങ്ങിയവരായ നാം തന്റെ മരണത്തിൽ മാമോദീസാ മുങ്ങിയെന്നു നിങ്ങൾ അറിയുന്നില്ലയോ? എന്തു

ശേഷം പേജ് 5–ൽ)

# മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയോഗം 28–02–2019–ലെ ചോദ്യോത്തരങ്ങൾ

### 1. ശ്രീ.ഷാലു ജോൺ

ചോദ്യം 1. സഭയിലെ മെത്രാപ്പോലീത്താമാർക്ക് ട്രാൻസ്ഫർ ഏർപ്പെടുത്തുവാൻ തീരുമാനം മുൻ മാനേജിംഗ് കമ്മിറ്റിയുടെ കാലയളവിൽ (2012–17) ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുവാൻ കഴിയാത്തതു എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം : മെത്രാപ്പോലീത്താമാരുടെ ട്രാൻസ്ഫർ സംബന്ധിച്ച് കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയുടെ കാലയളവിൽ തീരുമാനം ഉണ്ടായിട്ടില്ല.

ചോദ്യം 2. പ.സുന്നഹദോസ് അംഗങ്ങളായ മെത്രാപ്പോലീത്താമാരുടെ സ്വകാര്യ സ്വത്തുക്കൾ സംബന്ധിച്ച് സമുദായ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ട്?

ഉത്തരം : മെത്രാപ്പോലീത്താമാരുടെ സ്വകാര്യസ്വത്തുക്കൾ സമുദായ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയേ മതിയാകൂ എന്ന് വ്യവസ്ഥയില്ല.

ചോദ്യം 3. സഭയെയും സഭാംഗങ്ങളെയും നയിക്കുവാൻവേണ്ടി പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന വ്യക്തികൾ പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ, ധർമ്മങ്ങൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ടോ? ഇതിനു ഏതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ?

ഉത്തരം : പെരുമാറ്റച്ചട്ടങ്ങൾ, ധർമ്മങ്ങൾ എന്നിവ നിലവിലുണ്ട്. വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാറുണ്ട്. പ്രത്യേക സമിതി നിലവിലില്ല.

ചോദ്യം 4. എം.ഡി.കോർപറേറ്റ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ 2017–18 വർഷത്തെ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട ലിസ്റ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? നിയമനം ലഭിച്ചിട്ടും ശമ്പളം ലഭിക്കാത്ത എത്രപേർ ഉണ്ട്?

ഉത്തരം : പുതിയ നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല.

### 2. അഡ്വ.സജി ജോർജ്

ചോദ്യം 1 : 21–12–2018–ൽ കൂടിയ മാനേജിംഗ് കമ്മിറ്റി അടിയന്തിരമായി മലങ്കര അസോസിയേഷൻ യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 2019 ജനുവരി 3ന് അസോസിയേഷൻ കൂടുന്നതിനുള്ള അറിയിപ്പുകൾ അംഗങ്ങൾക്ക് നൽകിയിരുന്നതും ക്രമീകരണം പൂർത്തീകരിച്ചതുമാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ അത് നടക്കാതെ പോയത് ഹർത്താൽ ആയതിനാൽ മാറ്റിവെച്ചതാണോ? അതോ റദ്ദാക്കിയതാണോ? മാറ്റിവെച്ചതാണെങ്കിൽ അതിന്റെ ക്രമീകരണത്തിനായി സഭയുടെ തുക ചെലവാക്കിയത് നഷ്ടപ്പെടാതിരിക്കാൻ തൊട്ടടുത്ത ദിവസങ്ങളിൽ നടത്താമായിരുന്നല്ലോ. റദ്ദാക്കിയതാണെങ്കിൽ അതിന്റെ കാരണം എന്താണ്?

ഉത്തരം : മലങ്കര അസോസിയേഷൻ അംഗങ്ങളുടെ സമ്മേളനം ദേവലോകത്തുവെച്ച് കൂടുവാൻ നിശ്ചയിച്ച് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും അപ്രതീക്ഷിതമായി ഹർത്താൽ പ്രഖ്യാപിക്കപ്പെട്ടതിനാലും, കേരളത്തിലെ അന്നത്തെ പ്രത്യേക സാഹചര്യം പരിഗണച്ചും അന്നേ ദിവസം പ്രസ്തുത യോഗം നടത്തേണ്ടതില്ല എന്ന് പ. ബാവാ തിരുമനസ്സുകൊണ്ട് തീരുമാനിക്കുകയാണുണ്ടായത്. 2019 ജനുവരി 3ന് പ്രത്യേക യോഗം ചേരുന്നതിനുള്ള നിശ്ചയത്തിലേക്ക് നയിക്കപ്പെട്ട സാഹചര്യങ്ങളിൽനിന്നുണ്ടായ മാറ്റം പരിഗണിച്ച് ടി യോഗം ചേരുന്നതിന് പുതുതായി ഒരു ദിവസം നിശ്ചയിച്ചിട്ടില്ലാത്തതാകുന്നു.

ചോദ്യം 2 : മലങ്കര സഭയുടെ ഒട്ടേറെ ഭദ്രാസനങ്ങൾക്ക് നാളുകളായി പൂർണ്ണ ചുമതലയുള്ള ഭദ്രാസന മെത്രാപ്പോലീത്താമാർ ഇല്ല. സഭയുടെയും ഭദ്രാസനങ്ങളുടെയും വികസനത്തിനും സുഗമമായ നടത്തിപ്പിനും മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നതിനു നിലവിൽ നിയമപരമായോ കാനോനികമായോ ഏതെങ്കിലും തടസ്സമുണ്ടോ? ഉണ്ടെങ്കിൽ എന്താണ്? ഇല്ലെങ്കിൽ എന്തുകൊണ്ട് ആയതിനെപ്പറ്റി തീരുമാനം എടുക്കുന്നില്ല?

ഉത്തരം : കാനോനികമായോ നിയമപരമായോ തടസ്സങ്ങൾ ഒന്നുമില്ല. ഉചിതമായ സമയത്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

### 3. ശ്രീ.വി.ജി.ഷാജി

ചോദ്യം 1 : മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ചുമതലയിൽ വരുന്ന എ വിഭാഗത്തിൽപ്പെട്ട 32 ഇനങ്ങൾ ഉൾപ്പെട്ടതാണല്ലോ മാനേജിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു പാസ്സാക്കേണ്ട ബജറ്റും, വാർഷിക കണക്കുകളും. ഇൻകംടാക്സ് റൂളിനു വിധേയമായി സിംഗിൾ പാൻകാർഡ് ഉപയോഗിച്ചുള്ള ചർച്ച് അക്കൗണ്ട് കൺസോളിഡേഷൻ ആൻഡ് ടാക്സ് റിട്ടേൺസ് ഫയലിംഗ് നിലവിൽ ഉള്ളപ്പോൾ ബി, സി, ഡി ഷെഡ്യൂളിൽ ഉൾപ്പെട്ട മുഴുവൻ കണക്കുകളും മാനേജിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു അംഗീകരിക്കേണ്ടതല്ലേ?

ഉത്തരം : ബി, സി, ഡി ഷെഡ്യൂളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഓഡിറ്റർമാർ നിയമിക്കപ്പെട്ടിട്ടുള്ളത് അതതു സ്ഥാപനങ്ങളുടെ ഭരണക്രമവും, അതുമായി ബന്ധപ്പെട്ട സമിതികളുടെ നിശ്ചയവും അനുസരിച്ചാണ്. അതിനാൽ ആദായനികുതി നിയമങ്ങൾക്കു വിധേയമായി ഒരേ പാൻകാർഡ് ഉപയോഗിക്കുന്നു എങ്കിലും എ ഷെഡ്യൂൾ സ്ഥാപനങ്ങളുടെ കണക്കുകൾ മാത്രമാണ് സഭാമാനേജിംഗ് കമ്മിറ്റി ചർച്ച ചെയ്ത് പാസാക്കേണ്ടത്.

ചോദ്യം 2: മാനേജിംഗ് കമ്മിറ്റിയിൽ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾക്കു ലഭിക്കുന്ന മറുപടി എപ്പിസ്കോപ്പൽ സുന്നഹദോസിനു സമർപ്പിക്കുന്നതാണ്, പരിഗണനാർഹമാണ്, നിർദ്ദേശം സ്വാഗതാർഹമാണ് എന്നെല്ലാമാണ്. ഈ വിഷയങ്ങൾ ഒന്നും പിന്നീട് ഒരു സമിതിയിലും സമർപ്പിച്ചതായോ, ചർച്ച ചെയ്തതായോ അറിയില്ല. നാളിതുവരെ അങ്ങനെ ചർച്ച ചെയ്ത വിഷയങ്ങൾ ഉണ്ടെങ്കിൽ അടുത്ത മാനേജിംഗ് കമ്മിറ്റിയിൽ അറിയിക്കാൻ സാധിക്കുമോ?

ഉത്തരം : പ.എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിച്ചിട്ടുണ്ട്. അവ പ.സുന്നഹദോസ് നടപടിക്രമങ്ങൾക്കു വിധേയമായി പരിഗണിക്കപ്പെടുന്നുണ്ട്. പരിഗണനാർഹവും സ്വാഗതാർഹവും എന്ന് മറുപടി നൽകപ്പെട്ടിരിക്കുന്ന ചോദ്യങ്ങൾക്ക് സഭയുടെ സമിതികളുടെ ആലോചനയോടെ യഥാസമയം മേൽനടപടി കൈക്കൊള്ളുന്നതാണ് പതിവ്. സമയബന്ധിതമായി പുരോഗതി റിപ്പോർട്ട് ചെയ്യുന്ന രീതി നിലവിലില്ല,

ചോദ്യം 3 : പരുമല ക്യാൻസർ കെയർ സെന്ററിന്റെ 2018 ഡിസംബർ 31 വരെയുള്ള സാമ്പത്തിക ബാധ്യത എത്രത്തോളം ആയിരുന്നു. 2018–ൽ പലിശ ഇനത്തിൽ മാത്രം എത്ര രൂപ അടച്ചു?

ST.GREEGORIOS INTERNATIONAL CANCER CARE CENTRE

STATEMENT OF LIABILITY ON 31-12-2018

**Refundable Bomds - 45,41,06,227**

Refundable Bond with 9% medical Benefit - 9,54,20,175.00

Refundable Bond @ 5% Interst - 10,79,31,068.00

Refundable Bond @ 7% Interest - 25,07,54,984.00

**Loans**

**Federal Bank Term Loans - 42,61,66,753**

Federal Bank 1 1317100000129 - 3,21,77,545.00

Federal Bank 1 1317100000137 - 7,11,83,644.00

Federal Bank 1 1317100000160 - 14,39,105.00

Federal Bank 1 1317100000178 - 8,39,96,635.75

Federal Bank 1 1317100000186 - 4,67,99,311.00

Federal Bank 1 1317100000194 - 1,20,20,512.00

Federal Bank 1 1317100000202 - 15,11,78,487.00

Federal Bank Flood Loans

Federal Bank 1 1317100002517 - 67,40,440.00

Federal Bank 1 1317100002509 - 20,20,128.00

Federal Bank 1 1317100002491 - 1,09,26,070.20

Federal Bank 1 1317100002483 - 76,84,875.27

**Muthoot Finance - 8,50,00,000**

**Muthoot Fincorp - 5,68,16,000**

**Muthoot General Finance - 90,00,000**

**Grand Total - 1,03,10,88,980**

### 4. ശ്രീ.ജേക്കബ് കോച്ചേരി

ചോദ്യം 1. കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റ് കാലങ്ങളായി നൽകിവന്നിരുന്ന നസ്രാണി ട്രോഫിയും, വിദ്യാമൃത അദ്ധ്യാപക അവാർഡും നിർത്തിവെയ്ക്കാനുള്ള സാഹചര്യം എന്താണ്?

ഉത്തരം : വിദ്യാമൃത അവാർഡിന് അപേക്ഷകൾ ഇല്ലാതെവന്നതുകൊണ്ട് നിർത്തിവെച്ചു. കഴിഞ്ഞവർഷങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ നൽകാതിരുന്ന നസ്രാണി ട്രോഫി ഈ വർഷം മുതൽ നൽകുവാൻ നടപടി എടുത്തുകൊണ്ടിരിക്കുന്നു.

ചോദ്യം 2: മാനേജിംഗ് കമ്മിറ്റി യോഗങ്ങൾ ചടങ്ങായി മാറാതെ, സഭയ്ക്ക് പ്രയോജനകരമായ സമിതിയായി ഉയർത്തുവാൻ വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ ആലോചിച്ച് സമർപ്പക്കുവാൻ ഒരു സമിതിയെ മാനേജിംഗ് കമ്മിറ്റിയിൽനിന്ന് തെരഞ്ഞെടുത്ത് പ്രവർത്തിക്കുന്നത് പ്രയോജനകരമല്ലെ?

ഉത്തരം : സഭാമാനേജിംഗ് കമ്മിറ്റിയോഗങ്ങൾ കേവലം ചടങ്ങായി മാറുന്നു എന്ന നിരീക്ഷണം അനുയോജ്യമല്ല. ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സമിതി വിഭാവന ചെയ്യപ്പെട്ടിട്ടില്ല.

### 5. ഡോ.വർഗീസ് പേരയിൽ

ചോദ്യം : അന്ത്യോഖ്യൻ – മലങ്കര ബന്ധത്തിലുള്ള പ്രോട്ടോക്കോൾ, മലങ്കരയിലെ ഇരുകക്ഷികളും യോജിക്കാനുള്ള റോഡ് മാപ്പ് എന്നിങ്ങനെ രണ്ടു നിർദ്ദേശങ്ങൾ പ. എപ്പിസ്കോപ്പൽ സുന്നഹദോസിനു മുമ്പാകെ സമർപ്പിക്കപ്പെട്ടതായി ഒരുപത്രവാർത്ത (ദേശാഭിമാനി 12–01–2019) കണ്ടു. ഈ വാർത്ത ശരിയാണോ? ശരിയാണെങ്കിൽ ഇവയെ സംബന്ധിച്ച് നമ്മുടെ ഏതെങ്കിലും സമിതികളിൽ എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ?

ഉത്തരം : പ്രസിദ്ധീകരിക്കപ്പെട്ട വാർത്തയുടെ ഉത്തരവാദിത്വം പ്രസ്തുത ദിനപത്രത്തിനാണ്. സമിതികളിൽ ടി.വിഷയം സംബന്ധിച്ച് ചർച്ച നടന്നിട്ടില്ല.

### 6. ശ്രീ.വർഗീസ് ജോൺ തോട്ടപ്പുഴ

1. മലങ്കര അസോസിയേഷൻ, മെത്രാസന ഇടവകയോഗം എന്നിവയിലേക്കുള്ള ഇടവകയുടെ അയ്മേനി പ്രാതിനിധ്യം ഇപ്പോൾ നിശ്ചയിക്കുന്നത് അർഹതയുള്ള ഇടവകയോഗാംഗങ്ങളുടെ സംഖ്യയെ അടിസ്ഥാനമാക്കിയാണ്. ഈ സംഖ്യ ഒരിക്കലും ഇടവകയുടെ യഥാർത്ഥ അംഗസംഖ്യയല്ല. അതിനാൽ 21 വയസ്സ് പൂർത്തിയായ – റിശീസാ നൽകുന്നവരായ – എല്ലാ സ്ത്രീപുരുഷന്മാരുടെയും സംഖ്യയെ അടിസ്ഥാനമാക്കി മലങ്കര അസോസിയേഷൻ, മെത്രാസന ഇടവകയോഗം എന്നിവയിലേക്കുള്ള ഇടവകയുടെ പ്രാതിനിധ്യം നിശ്ചയിക്കുന്നതല്ലേ യുക്തം? ഇതു സംബന്ധിച്ച് നിലവിലുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം : നിലവിലുള്ള ഭരണഘടനപ്രകാരമാണ് പ്രാതിനിധ്യം നിശ്ചയിക്കപ്പെടുന്നത് എന്നതിനാൽ, വ്യത്യസ്തമായ മറ്റേതെങ്കിലും ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ നിലവിലുള്ള രീതി തുടരുന്നതാണ്.

ചോദ്യം 2: ഇടവകയോഗം, മെത്രാസന ഇടവകയോഗം തുടങ്ങിയ സമിതികളും അവയുടെ നടപടിക്രമങ്ങളും അവ നടത്തുന്ന തെരഞ്ഞെടുപ്പുകളും വ്യത്യസ്തമായ രീതികളിലാണ് നടന്നുവരുന്നത്. ചില മെത്രാസനങ്ങളിൽ മെത്രാസന ഇടവകയോഗാംഗങ്ങൾ അല്ലാത്തവരെയും മെത്രാസന കൗൺസിലിലേക്ക് തെരഞ്ഞെടുക്കാറുണ്ട്. ചിലയിടത്ത് അനുവദിക്കാറില്ല. ഇതിന് ഒരു ഏകീകരണമുണ്ടാകേണ്ടത് ഏറ്റവും ആവശ്യമാണ്. അതിനാൽ ഇടവകയോഗം, മെത്രാസന ഇടവകയോഗം തുടങ്ങിയവയുടെ സുഗമമായ നടത്തിപ്പിന് ഉപചട്ടങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം : ഉപചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിലവിൽ ആലോചനയില്ല.

3. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ സ്വന്തം മെത്രാസന ഇടവകയോഗത്തിലും മെത്രാസനതല പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുന്നതിന് വ്യത്യസ്തങ്ങലും പരസ്പര വിരുദ്ധങ്ങളുമായ രീതികളാണ് ഓരോ മെത്രാസനത്തിലുമുള്ളത്. സഭാഭരണഘടനയ്ക്ക് വിധേയമായി/വിരുദ്ധമല്ലാതെ എല്ലാ മെത്രാസനങ്ങളിലും ഇക്കാര്യത്തിന് ഒരു പൊതുവായ മാർഗനിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം : അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ അവരുടെ മാതൃ മെത്രാസന ഇടവകയോഗങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നില്ല. പൊതുവായ മാർഗ്ഗനിർദ്ദേശം നൽകുവാൻ നിലവിൽ ആലോചനയില്ല.

ചോദ്യം 4. പ.കാതോലിക്കാ ബാവാ തിരുമേനിയുടെ കല്പന (185/11–07–2017)യിലും മാനേജിംഗ് കമ്മിറ്റിയുടെ ഭക്തിപ്രമേയത്തിലും (2017 സെപ്റ്റംബർ 12) പ.എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രസ്താവന (2018 ഫെബ്രുവരി)യിലും 2019 ജനുവരി 2/3നു കൊടുത്ത പത്രപരസ്യത്തിലും നാം ഇപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോ?

ഉത്തരം : ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ പ.സഭയുടെ ഔദ്യോഗിക നിലപാടുകൾ തന്നെയാണ് വ്യക്തമാക്കുന്നത്.

### 7. ശ്രീ.ഷിനു പറപ്പോട്ട്

ചോദ്യം 1. കഴിഞ്ഞ ബജറ്റിൽ വകകൊള്ളിച്ച പഴയസെമിനാരിയുടെ പുനരുദ്ധാരണ പ്രവർത്തനം എന്തുകൊണ്ട് നടത്തിയില്ല?

ഉത്തരം : പുനരുദ്ധാന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചോദ്യം 2. എം.ഒ.സി. കോളജുകളിലെ അഡ്മിഷൻ കാര്യങ്ങളുടെ സമിതിയിൽ എന്തുകൊണ്ട് അതത് സ്ഥലങ്ങളിൽ ഉള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തുന്നില്ല

ഉത്തരം : എം.ഒ.സി. കോളജുകളുടെ ഭരണസംവിധാനം, അഡ്മിഷൻ മുതലായവ സർക്കാർ എയ്ഡഡ് കോളജുകളുടെ പ്രവർത്തനം സംബന്ധിച്ച സർക്കാർ നിയമങ്ങളുടെയും നടപടിച്ചട്ടങ്ങളുടെയും

(ശേഷം പേജ് 5–ൽ)

## കേരളസർക്കാരിനെതിരെ.....പേജ് 1–ൽനിന്ന്

പറഞ്ഞു. സർക്കാരിനെതിരെ ശക്തമായ പ്രതിഷേധ സമ്മേളനങ്ങൾ നടത്തണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. സഭ ശക്തമായ നിലപാടെടുക്കണമെന്നും അതിൽ ഉറച്ചുനിൽക്കണമെന്നും സൈമൺ കൊമ്പശ്ശേരി (മാവേലിക്കര) പറഞ്ഞു.

സർക്കാർ പ്രതിനിധികളെ സഭയുടെ യോഗങ്ങളിൽ സംബന്ധിപ്പിക്കാതെ പ്രതിഷേധമറിയിക്കണമെന്നും, നീതിനിഷേധത്തിനെതിരെ ഏതറ്റം വരെയും പോകണമെന്നും ഫാ. കെ.എം.വർഗീസ് കളീക്കൽ പറഞ്ഞു. യാക്കോബായക്കാർക്കുവേണ്ടിയുള്ള സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കോടതിയിൽവെച്ച് ബോധ്യപ്പെട്ടുവെന്ന് റോണി വർഗീസ് (മാവേലിക്കര) പറഞ്ഞു.

സർക്കാർ അഭിഭാഷകർ നിഷ്പക്ഷരാകാതെ യാക്കോബായക്കാർക്കുവേണ്ടിയാണോ സംസാരിക്കുന്നതെന്നു കോടതിപോലും ചോദിച്ചതായി അദ്ദേഹം പറഞ്ഞു. നീതിനിഷേധമാണ് സർക്കാർ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതിനെതിരെ സഭ ശക്തമായി പ്രതിഷേധിക്കണമെന്ന് ഷിനു പറപ്പോട്ട് (കോട്ടയം) അഭിപ്രായപ്പെട്ടു.

സർക്കാരിനെതിരെ ശക്തമായി പ്രതികരിച്ച് മുമ്പോട്ടുപോകണമെന്നും പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് വിവിധ കോടതിവിധികൾ നടപ്പാക്കുവാൻ ഉത്സാഹിക്കണമെന്നും ജോൺ കെ.മാത്യു (മാവേലിക്കര) പറഞ്ഞു. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ മനസ്സിലാക്കി പ്രതിസന്ധികൾ കൈകാര്യം ചെയ്യുവാൻ ഒരു ക്രൈസിസ് മാനേജുമെന്റ് സമിതി ഉണ്ടാക്കണമെന്ന് സി.സി.ചെറിയാൻ അഭിപ്രായപ്പെട്ടു. രാഷ്ട്രീയപാർട്ടികളുടെ ദല്ലാളന്മാരായി ചിലർ സഭയ്ക്കുള്ളിൽ പ്രവർത്തിക്കുന്നതാണ് സഭയ്ക്ക് ദോഷം ചെയ്യുന്നതെന്നും, ചില സഭാംഗങ്ങൾ അവരുടെ രാഷ്ട്രീയലാഭത്തിനായി സഭയെ ഉപയോഗിക്കുകയാണെന്നും വർഗീസ് ജോൺ തോട്ടപ്പുഴ (ചെങ്ങന്നൂർ) പറഞ്ഞു. സഭയ്ക്കുള്ളിലെ രാഷ്ട്രീയ ദല്ലാളന്മാരെ നിലയ്ക്കു നിർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മലങ്കര സഭ ഒരു രാഷ്ട്രീയപാർട്ടിക്കും അടിമയാകേണ്ടതില്ലെന്നും സഭ ധീരമായ നിലപാടെടുക്കണമെന്നും അലക്സ് കെ.പോൾ (തുമമ്പമൺ) അഭിപ്രായപ്പെട്ടു. സർക്കാരിന്റെ നീതിനിഷേധത്തിനെതിരെ ഷാലു ജോൺ, അഡ്വ.സജി ജോർജ്, സുനിൽ പി.ഉമ്മൻ തുടങ്ങിയവരും പ്രതിഷേധിച്ചു പ്രസംഗിച്ചു.

മലങ്കരസഭ ഈ ഗവൺമെന്റിന്റെ അടിമയല്ലെന്നും സഭാമാനേജിംഗ് കമ്മിറ്റിയുടെ വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് താൻ പ്രവർത്തിക്കുമെന്നും പ.കാതോലിക്കാ ബാവാ വ്യക്തമാക്കി.

## ചോദ്യോത്തരങ്ങൾ.....പേജ് 4–ൽനിന്ന്

യുജിസി നിബന്ധനകളുടെയും എം.ഒ.സി. കോളജസ് ഗവേണിംഗ് ബോർഡ് നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ്. ലോക്കൽ ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതും കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ. മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽതന്നെ പങ്കാളിത്തം നൽകപ്പെട്ടിട്ടുണ്ട്.

ചോദ്യം 3. ദേവലോകം കാതോലിക്കേറ്റ് ആഫീസിലെ ജീവനക്കാരുടെ റിട്ടയർമെന്റ് കാലയളവ് എത്ര വയസ്സുവരെയാണ്

ഉത്തരം : നിജപ്പെടുത്തിയിട്ടില്ല. (തുടരും)

## ഓർത്തഡോക്സ് സഭയ്ക്ക്.....പേജ് 1–ൽനിന്ന്

**സണ്ടേസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ നിർധന വിദ്യാർത്ഥികളുടെ തുടർപഠനത്തിനായി 15 ലക്ഷം രൂപ**

**ആരോഗ്യരക്ഷാരംഗത്തെ അർഹരായ വിദ്യാർത്ഥികൾക്ക് യൂണിഫോം അലവൻസായി 15 ലക്ഷം**

**കർഷകർക്ക് ആദരം**

**കായികപ്രതിഭകൾക്കുള്ള അംഗീകാരം**

**പി.എസ്.സി. കെ.എ.എസ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലന സഹായം**

**പ.ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണ നവതി ആഘോഷങ്ങൾക്ക് 50 ലക്ഷം**

**കാതോലിക്കേറ്റ് അരമന ചാപ്പൽ നവീകരണം**

**സോപാന അക്കാദമിക്ക് തുക**

**പൈതൃകം സഭാസാഹിതി സരണിയിലൂടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണം**

**മലങ്കര അസോസിയേഷൻ**

**പൈതൃക സ്വത്ത് സംരക്ഷണം**

**പരുമലയിൽ ലോ കോളജ് പ്രാരംഭ പ്രവർത്തനങ്ങൾക്ക് 1 കോടി**

**പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ സ്മാരക നിർമ്മാണത്തിന് 1 കോടി**

**കോട്ടയം എം.ഡി.ചർച്ച് സെന്ററിന് തുക**

**ഓർത്തഡോക്സ് കൾച്ചറൽ സെന്ററിന് തുക**

**കേരളത്തിലെ ട്രാൻസ്ജെൻഡേഴ്സിന് കൈത്താങ്ങ്**

**ആരോഗ്യ വിദ്യാഭ്യാസ സഹായം**

**പാവന സ്മൃതിക്ക് തുക വകയിരുത്തി**

**സ്ലീബാദാസ സമൂഹത്തിന്റെ വിഹിതം**

**തീർത്ഥാടനകേന്ദ്രങ്ങൾക്ക് സഹായം**

**സഭയുടെ ക്ഷേമഭവനങ്ങൾക്ക് സഹായം**

**ആശുപത്രി, മിഷൻബോർഡ് സഹായം**

**ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ ആന്റ് കാൻസർ സഹായഹസ്തം പദ്ധതിക്ക് 35 ലക്ഷം**

**സഭയുടെ പ്രളയ ദുരിതാശ്വാസ പദ്ധതിക്ക് തുക,വിവാഹ സഹായ പദ്ധതി**

## ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ്.....പേജ് 1–ൽനിന്ന്

ധൂർത്തിനും ആഢംബരത്തിനുമെതിരെ പ്രസംഗിക്കുക മാത്രമല്ല, എത്രയും ലളിതമായി ജീവിക്കാൻ താൻ ആഗ്രഹിച്ചു. വാസസ്ഥലവും യാത്ര ചെയ്യുന്ന വാഹനവും എല്ലാം ലാളിത്യത്തിന്റെ അടയാളമായിരുന്നു. സ്വന്തമായി ബാങ്കുനിക്ഷേപമേ ഇല്ലായിരുന്നു. എല്ലാം വിവിധ പ്രസ്ഥാനങ്ങൾക്കുവേണ്ടി മാത്രം. എന്നാലും ഒന്നിനും കുറവില്ലാതെ ദീർഘമായ ആയുസ്സ് ജീവിച്ചു. ഈ ലാളിത്യം ഓർത്തഡോക്സ് ആത്മീയതയുടേതല്ലേ?

### 7. ആത്യന്തിക നന്മ സ്നേഹം

സ്നേഹം ആശയമോ പ്രസംഗവിഷയമോ മാത്രമായിരുന്നില്ല. ജാതിമത ഭേദമന്യെ എല്ലാവരെയും സ്നേഹിച്ചു. പാവങ്ങളെ കൂടുതൽ സ്നേഹിച്ചു. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുതോ സ്നേഹമെന്നത് അക്ഷരാർത്ഥത്തിൽ നിറവേറ്റുവാൻ ആവുന്നതും ശ്രമിച്ചു. പൂർമ്മ്ണമാകുവാൻ ദൈവത്തിനു മാത്രമല്ലേ സാദ്ധ്യമാവുകയുള്ളു. എങ്കിലും സ്നേഹത്തിന്റെ പൂർണ്ണതയിലേക്കു വളർന്നുകൊണ്ടേയിരുന്നു.

### 8. സുവിശേഷ തല്പരത

സുവിശേഷം എന്നത് അന്യമായിരുന്ന സഭയ്ക്ക് സുവിശേഷ തൽപരത ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചപ്പോൾ അതു പ്രൊട്ടസ്റ്റന്റ് സഭയുടേതായി. മിഷൻ എന്ന വാക്കുപോലും പ്രൊട്ടസ്റ്റന്റുകാരുടേതാണെന്ന് ധരിച്ചവർക്ക് എപ്പോഴും മിഷനെക്കുറിച്ച് പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ബിഷപ്പ് എങ്ങനെ ഓർത്തഡോക്സ് ആവും?

ഇവിടെ ആർക്കാണ് തെറ്റുപറ്റിയത്? ഓർത്തഡോക്സ് എന്ന് ഭാവിക്കുകയും ക്രിസ്തീയ മൂല്യങ്ങളിൽനിന്ന് അകന്നു ജീവിക്കുകയും ചെയ്ത സമൂഹമോ, അതോ ക്രിസ്തീയ മൂല്യങ്ങളെ തിരിച്ചറിഞ്ഞ ഒരു ദൈവപുരുഷനോ? അദ്ദേഹം ഓർത്തഡോക്സിക്ക് ഒരു പുതിയ മാനം നൽകി എന്നു ചിന്തിച്ചുപോകുന്നു. ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ട് ക്രിസ്തു സ്വഭാവത്തിൽ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്ന യഥാർത്ഥ ക്രിസ്ത്യാനിയാണ് യഥാർത്ഥ ഓർത്തഡോക്സുകാരൻ. അതുകൊണ്ടാണ് ഓർത്തഡോക്സിക്ക് പുതിയ മാനം നൽകിയ പിതാവെന്ന് ഈ ചെറിയ കുറിപ്പിന് തലക്കെട്ടു നൽകിയത്.

## മതോപദേശസാരങ്ങൾ.....പേജ് 3–ൽനിന്ന്

കൊണ്ടെന്നാൽ യേശുമിശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് തന്റെ പിതാവിന്റെ മഹത്വത്തിൽ ഉയർത്തെഴുന്നേറ്റപ്രകാരം തന്നെ നാം പുതിയ ജീവനിൽ നടപ്പാനായിട്ടു തന്നോടുകൂടെ കബറടക്കപ്പെട്ടു. 1പത്രോ.3:21 ആ സാദൃശ്യത്തിൽതന്നെ നിങ്ങളും മാമോദീസായാൽ ജീവിക്കുന്നു. ആയതു നിങ്ങൾ ശരീരത്തിന്റെ അഴുക്കിൽനിന്നും കഴുകുന്നതിനാൽ അല്ല, എന്നാലോ ദൈവത്തിലും യേശുമിശിഹായുടെ ഉയർപ്പിലും വെടിപ്പുള്ള മനസാക്ഷിയാൽ ഏറ്റുപറഞ്ഞുകൊണ്ടത്രെ. യോഹ.20:22 താൻ അവരിൽ ഊതി അവരോട് നിങ്ങൾ ശുദ്ധമുള്ള റൂഹായെ കൈക്കൊൾവിൻ എന്നു പറഞ്ഞു. യോഹ.13:14,15 നിങ്ങളുടെ യജമാനനും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങൾ തമ്മിൽ തമ്മിൽ കാലുകളെ കഴുകുവാൻ എത്രയോ കടപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തപ്രകാരം നിങ്ങളും ചെയ്വാനായിട്ട് ഈ ദൃഷ്ടാന്തം ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു. അ.പ്ര.8:17 അപ്പോൾ അവൻ അവരുടെമേൽ കൈവെച്ചു. അവർ ശുദ്ധമുള്ള റൂഹായെ കൈക്കൊള്ളുകയും ചെയ്തു.

7. 1പത്രോ.2:9 എന്നാൽ അന്ധകാരത്തിൽനിന്നു തന്റെ വിശേഷമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സ്തുതികളെ അറിയിപ്പാനായിട്ടു തെരഞ്ഞെടുക്കപ്പെട്ടൊരു രാജപുരോഹിതകുലവും ശുദ്ധമുള്ള ജനവും രക്ഷപ്പെട്ട കൂട്ടവും ആകുന്നു.

8. യോഹ.3:3 ഒരുത്തൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യം കാണ്മാൻ കഴിയുകയില്ല. തീത്തോ.3:5 വീണ്ടും ജനനമാകുന്ന സ്നാനത്താലും ശുദ്ധമുള്ള റൂഹായുടെ പുതുക്കത്താലും താൻ നമ്മെ ജീവിപ്പിച്ചു.

9. മർക്കോ.10:13, 14,16 താൻ അവരെ തൊടേണ്ടതിനു പൈതങ്ങളെ അവർ തന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ അവരെ കൊണ്ടുവന്നവരെ തന്റെ ശിഷ്യന്മാർ ശാസിച്ചു. എന്നാറെ യേശു കണ്ടപ്പോൾ തനിക്ക് ഇഷ്ടക്കേടായി അവരോടു പറഞ്ഞു. പൈതങ്ങൾ എന്റെ അടുക്കൽ വരുവാൻ വിടുവിൻ. അവരെ വിരോധിക്കരുത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം ഇപ്രകാരമുള്ളവരുടെ ആകുന്നു. താൻ ഭുജങ്ങളിൽ അവരെ എടുത്തുകൊണ്ട് അവരുടെ മേൽ തന്റെ കൈവെച്ച് അവരെ അനുഗ്രഹിച്ചു. ഉല്പത്തി 17:10,13

10. എഫേ.4:5 എന്തുകൊണ്ടെന്നാൽ ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ആകുന്നു. (തുടരും)

## പ.എപ്പിസ്കോപ്പൽ....പേജ് 1–ൽനിന്ന്

കൾ അർപ്പിക്കുകയും ചെയ്തു. ചർച്ച് ആക്ട് സംബന്ധിച്ച് ഇതിനോടകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കരടിലെ നിർദ്ദേശങ്ങൾ കൃത്യമായ ഭരണഘടനപ്രകാരം സുതാര്യമായ സാമ്പത്തിക വിനിയോഗത്തോടും ഭരണഘടന വിഭാവനം ചെയ്യുന്ന രാജ്യനിയമങ്ങളുടെ പിൻബലത്തോടുംകൂടി പ്രവർത്തിക്കുന്ന ക്രിസ്തീയ വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായതിനാൽ അനുകൂലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു. സഭയിലെ ബി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങലുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റ് അംഗീകരിച്ചു. കോട്ടയം വൈദികസെമിനാരി പ്രിൻസിപ്പാളായി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ടിനെയും, നാഗ്പൂർ സെന്റ് തോമസ് വൈദികസെമിനാരി പ്രിൻസിപ്പാളായി ഫാ.ഡോ.ജോസി ജേക്കബിനെയും നിശ്ചയിച്ചു. ബസ്ക്യാമ്മ അസോസിയേഷൻ പ്രസിഡന്റായി ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ നിയമിച്ചു. പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ഓർത്തഡോക്സ് വൈദികസെമിനാരി, നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരി, എക്യുമെനിക്കൽ റിലേഷൻസ് എന്നിവയുടെ റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അംഗീകരിച്ചു. മലങ്കരസഭയിലെ ശാശ്വത സമാധാനത്തിനായി ബഹു.നീതിന്യായകോടതികളുടെ വിധികളിലൂടെ ലഭ്യമായിരിക്കുന്ന മാർഗ്ഗരേഖ പിന്തുടരുവാൻ തീരുമാനിച്ചു. ഭിലായ് സെന്റ് തോമസ് ആശ്രമം, സെന്റ് തോമസ് കോൺവെന്റ്, കുപ്പാടി ഗത്സിമോൻ കോൺവെന്റ് എന്നിവയുടെ നിയമാവലി അംഗീകരിച്ചു. സഭയിലെ വൈദികസ്ഥാനികളുടെയും സഭാസേവനം നടത്തുന്ന അത്മായ പ്രവർത്തനകരുടെയും പെരുമാറ്റം സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു.

Vol. 25 Issue 9
March 1

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2018-2020

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 35/2018-10

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

### കപ്യാർ

ലത്തീൻ ഭാഷയിലെ കപ്യാരിയൂസ് എന്ന വാക്കിൽനിന്നാണ് കപ്യാർ എന്ന പദമുണ്ടായത്. ശുദ്ധതയുടെ സൂക്ഷിപ്പുകാരൻ, നിക്ഷേപലയ കാര്യസ്ഥൻ എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം.

ദൈവാലയത്തിലെ വിശുദ്ധ വസ്തുക്കൾ, തിരുവസ്ത്രങ്ങൾ, വിശുദ്ധതൈലങ്ങൾ എന്നിവ സൂക്ഷിക്കുവാൻ വി.മദ്ബഹായോട് ചേർന്ന് ഒരു മുറി ഒരുക്കുന്ന പതിവു മധ്യപൂർവ രാജ്യങ്ങളിൽ ഉണ്ടായിരുന്നു. ഈ മുറിക്ക് നിക്ഷേപലയങ്ങൾ (ബസ്ഗാസാ) എന്ന് പറഞ്ഞിരുന്നു. അതിന്റെ സൂക്ഷിപ്പുകാരന് കപ്യാരിയൂസ് എന്നായിരുന്നു പറഞ്ഞിരുന്നത്.

16-ാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന പോർട്ടുഗീസ് മിഷണറിമാർ ദൈവാലയ ശുശ്രൂഷകരായ അല്മായരെ കപ്യാരിയോ എന്ന് വിളിക്കുകയും അത് ലോപിച്ച് മലയാളത്തിൽ കപ്യാർ എന്നാകുകയും ചെയ്തു. ദൈവാലയത്തിൽ പട്ടക്കാരൻ കഴിഞ്ഞാൽ പ്രധാന വ്യക്തി കപ്യാരാണ്. അച്ചനും കപ്യാരും എന്നാണ് പദപ്രയോഗം തന്നെ. മാലാഖമാർക്കടുത്ത പദവി എന്നാണ് വി.സഭ ഈ പദവിയെ വിശേഷിപ്പിക്കുന്നത്. ഒരു അല്മായന് ലഭിക്കാവുന്ന ഏറ്റവും വലിയ പദവിയും ഇതാണ്. ദൈവത്തോട് കൂടുതൽ അടുത്തുനിൽക്കുന്നവരാകയാൽ അവർ ഈ പദവിയെ കൂടുതൽ ശ്രദ്ധയോടെ സൂക്ഷിക്കേണ്ടതാകുന്നു.

ആദിമകാലത്ത് വി.സഭയിൽ ശെമ്മാശന്മാർ ആയിരുന്നു ദൈവാലയശുശ്രൂഷകർ. അക്കാലത്ത് വി.കുർബ്ബാനയിലും മറ്റും കാർമ്മികനെ സഹായിക്കാൻ സ്ഥിരം ഡീക്കന്മാർ ഉണ്ടായിരുന്നു. പിന്നീട് ശെമ്മാശന്മാർ ഉയർന്ന പട്ടം സ്വീകരിച്ചു പട്ടക്കാരായി ഉയർത്തപ്പെടുന്ന രീതി വന്നപ്പോൾ സ്ഥിരം ശെമ്മാശ്ശൻ ഇല്ലാതായി. ആ സ്ഥാനത്ത് ദൈവാലയ ശുശ്രൂഷയ്ക്ക് കപ്യാരെ നിയമിച്ചു. ദൈവീക കാഷ്ടപ്പാടിൽ കപ്യാർ എന്നത് മഹത്വത്തിനടുത്ത പദവിയാകയാൽ വളരെയധികം ഭയഭക്തിയോടെ അതിൽ ഉത്സുകരായിരിക്കുക. അങ്ങനെയുള്ളവർ നിശ്ചയമായും അനുഗ്രഹിക്കപ്പെടും.

**ഡിക്കൻ ഷിബു ഈപ്പൻ, ഇലഞ്ഞിത്തറ**

# കാതോലിക്കാദിന കവർ വിതരണ സമ്മേളനവും വൈദികയോഗവും

റാന്നി : 2019 ഏപ്രിൽ 7-ന് നടക്കുന്ന സഭാദിനത്തോടനുബന്ധിച്ചുള്ള നിലയ്ക്കൽ ഭദ്രാസനത്തിലെ കാതോലിക്കാദിന പിരിവിന്റെ കവർ വിതരണ സമ്മേളനം മാർച്ച് 1ന് ഉച്ചയ്ക്ക് 2.30 മുതൽ റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽവെച്ച് നടത്തപ്പെടും. തുടർന്ന് 4മണി മുതൽ ഭദ്രാസന വൈദികയോഗവും ചാപ്പലിൽവെച്ച് നടക്കും.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ജോൺ ചെന്നൈ**

# സഭകളുടെ മേൽ നിയന്ത്രണം; പ്രചാരണം അടിസ്ഥാനരഹിതമെന്ന് മന്ത്രി എം.എം.മണി

കോട്ടയം : ചർച്ച് ആക്റ്റ് നടപ്പിലാക്കി സഭകളുടെമേൽ സർക്കാർ നിയന്ത്രണം കൊണ്ടുവരുന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നു മന്ത്രി എം.എം.മണി. ഓർത്തഡോക്സ് സഭയുടെ ഭവന നിർമ്മാണ സഹായ വിതരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചർച്ച് ആക്റ്റ് സംബന്ധിച്ച് സഭകൾക്ക് ആശങ്ക വേണ്ട. സഭകളുടെ മേൽ അനാവശ്യ നിയന്ത്രണങ്ങൾ നടപ്പാക്കുകയെന്നതു സർക്കാർ നയമല്ല. ഭവനരഹിതരുടെ എണ്ണം കൂടുന്ന ഇക്കാലത്ത് ഓർത്തഡോക്സ് സഭയുടെ ഭവനനിർമ്മാണ സഹായ പദ്ധതി അനുകരിക്കാവുന്ന മാതൃകയാണെന്നും മന്ത്രി പറഞ്ഞു.

പൊതുസമ്മേളനം പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജാതിമത ഭേദമന്യേ വളരെ നാളായി ഭവനനിർമ്മാണത്തിനു സഹായം നൽകിവരുന്നുണ്ടെന്നും അത് സഭയുടെ കടമയായി ഏറ്റെടുത്ത് നിർവ്വഹിക്കുകയാണെന്നും പ.ബാവാ പറഞ്ഞഞ്ഞു. ഭവന നിർമാണ സഹായ വിതരണവും പ.ബാവാ നിർവ്വഹിച്ചു. വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഡോ.രാജു ഫിലിപ്പ്, വി.എൻ.വാസവൻ, തോമസ് ഏബ്രഹാം കോർഎപ്പിസ്കോപ്പാ, ഫാ.കെ.പി.മാർക്കോസ് എന്നിവർ പ്രസംഗിച്ചു.

# നിലയ്ക്കൽ ഭദ്രാസന സണ്ടേസ്ക്കൂൾ നിലയ്ക്കൽ ഡിസ്ട്രിക്റ്റ് സമ്മേളനം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസന സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ നിലയ്ക്കൽ ഡിസ്ട്രിക്റ്റ് സമ്മേളനം ഫെബ്രുവരി 24-ന് നാറാണംമൂഴി സെന്റ് ജോർജ് പള്ളിയിൽവെച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ.വിനോദ് ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഡോ.ജോഷ്വാ മാർ നിക്കോദിമോസ് ഉദ്ഘാടനം ചെയ്തു. സണ്ടേസ്ക്കൂൾ പഠനവും യേശുക്രിസ്തുവിന്റെ അദ്ധ്യാപന രീതിയും എന്ന വിഷയത്തിൽ ഭദ്രാസന സണ്ടേസ്ക്കൂൾ വൈസ് പ്രസിഡന്റ് ഫാ.യൂഹാനോൻ ജോൺ ക്ലാസ്സ് നയിച്ചു. ഭദ്രാസന സണ്ടേസ്ക്കൂൾ ഡയറക്ടർ ഒ.എം.ഫിലിപ്പോസ്, സെക്രട്ടറി ജോസ് കെ.ഏബ്രഹാം, ജോർജ് മാത്യു, രഞ്ജിത്ത് രാജ് തുടങ്ങിയവർ പ്രസംഗിച്ചു. വിജയികൾക്കുള്ള സമ്മാനദാനവും സമ്മേളനത്തിൽവെച്ച് നിർവ്വഹിച്ചു.

# ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ

കോട്ടയം : ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ.യുടെ 11-ാമത് ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 24ന് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ആചരിച്ചു. അരമന മാനേജർ ഫാ.എം.കെ.കുര്യൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ബേബി മൈസൂർ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ജോൺ ചെന്നൈ**